# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | NOVEMBER 2022 | No. 1


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 77:1–11**

01. ഞാൻ എന്റെ ശബ്ദം ഉയർത്തി ദൈവത്തോടു, എന്റെ ശബ്ദം ഉയർത്തി ദൈവത്തോടു തന്നേ നിലവിളിക്കും; അവൻ എനിക്കു ചെവി തരും.
02. കഷ്ടദിവസത്തിൽ ഞാൻ യഹോവയെ അന്വേഷിച്ചു; രാത്രിയിൽ എന്റെ കൈ തളരാതെ മലർത്തിയിരുന്നു; എന്റെ ഉള്ളം ആശ്വാസം നിരസിച്ചു.
03. ഞാൻ ദൈവത്തെ ഓർത്തു വ്യാകുലപ്പെടുന്നു; ഞാൻ ധ്യാനിച്ചു, എന്റെ ആത്മാവു വിഷാദിക്കുന്നു.
04. നീ എന്റെ കണ്ണിനു ഉറക്കം തടുത്തിരിക്കുന്നു; സംസാരിപ്പാൻ കഴിയാതവണ്ണം ഞാൻ വ്യാകുലപ്പെട്ടിരിക്കുന്നു.
05. ഞാൻ പൂർവ്വദിവസങ്ങളെയും പണ്ടത്തെ സംവത്സരങ്ങളെയും വിചാരിക്കുന്നു.
06. രാത്രിയിൽ ഞാൻ എന്റെ സംഗീതം ഓർക്കുന്നു; എന്റെ ഹൃദയം കൊണ്ടു ഞാൻ ധ്യാനിക്കുന്നു; എന്റെ ആത്മാവും ശോധന കഴിക്കുന്നു.
07. കർത്താവു എന്നേക്കും തള്ളിക്കളയുമോ? അവൻ ഇനി ഒരിക്കലും അനുകൂലമായിരിക്കയില്ലയോ?
08. അവന്റെ ദയ സദാകാലത്തേക്കും പൊയ്പോയോ? അവന്റെ വാഗ്ദാനം തലമുറതലമുറയോളം ഇല്ലാതെയായ്പോയോ?
09. ദൈവം കൃപ കാണിപ്പാൻ മറന്നിരിക്കുന്നുവോ? അവൻ കോപത്തിൽ തന്റെ കരുണ അടെച്ചുകളഞ്ഞിരിക്കുന്നുവോ?
10. എന്നാൽ അതു എന്റെ കഷ്ടതയാകുന്നു: അത്യുന്നതന്റെ വലങ്കൈ വരുത്തിയ സംവത്സരങ്ങൾ തന്നേ എന്നു ഞാൻ പറഞ്ഞു.
11. ഞാൻ യഹോവയുടെ പ്രവൃത്തികളെ വർണ്ണിക്കും; നിന്റെ പണ്ടത്തെ അത്ഭുതങ്ങളെ ഞാൻ ഓർക്കും.

# കർത്താവ് നിന്നെയും അനുഗ്രഹിക്കും!

## THE LORD WILL BLESS YOU ALSO!

**നിൻ പിതാവിന്റെ ദൈവത്താൽ – അവൻ നിന്നെ സഹായിക്കും സർവ്വശക്തനാൽ തന്നേ – അവൻ മീതെ ആകാശത്തിന്റെഅനുഗ്രഹങ്ങളാലും താഴെ കിടക്കുന്ന ആഴത്തിന്റെ അനുഗ്രഹങ്ങളാലും മുലയുടെയും ഗർഭത്തിന്റെയും അനുഗ്രഹങ്ങളാലും നിന്നെ അനുഗ്രഹിക്കും (ഉല്പത്തി 49:25)**

*(വിളിയുടെ പ്രതിധ്വനി ശുശ്രൂഷയുടെ 54-ാമതു വാർഷിക സമ്മേളനത്തിൽ പാസ്റ്റർ എസ്. അബ്രഹാമിലൂടെ നൽകപ്പെട്ട കർത്താവിന്റെ സന്ദേശം)*



നമ്മുടെ പൂർവ്വ പിതാവായ യാക്കോബ് തന്റെ മരണത്തിനു മുൻപ് തന്റെ 12 ആൺമക്കൾക്കു നൽകിയ അനുഗ്രഹങ്ങളെക്കുറിച്ച് ഉൽപ്പത്തി 49-ാം അദ്ധ്യായത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു.

യോസേഫ് എന്ന പദത്തിന്റെ അർത്ഥം ഗുണനം എന്നാണ്. മുകളിൽ ഉദ്ധരിച്ച വാക്യം (ഉൽപ്പത്തി 49:25) യോസേഫിനു നൽകിയ അനുഗ്രഹമാണ്. ഈ അനുഗ്രഹങ്ങൾ നാലു തരത്തിലുള്ളവയാണെന്നു നമുക്കു കാണാം.

1. സ്വർഗ്ഗത്തിൽ നിന്നുള്ള അനുഗ്രഹങ്ങൾ,
2. ആഴത്തിൽ നിന്നുള്ള അനുഗ്രഹങ്ങൾ,
3. മക്കളെ പോറ്റുന്ന മാതാവുമായുള്ള അനുഗ്രഹങ്ങൾ,
4. കുഞ്ഞിന്റെ ജനനം വേദനാജനകമാണെങ്കിലും നിരവധി തലമുറകളെ ഉൽപ്പാദിപ്പിക്കാൻ കഴിവുള്ള അമ്മയുടെ ഗർഭപാത്രവുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ.

## 1. സ്വർഗ്ഗീയ അനുഗ്രഹങ്ങൾ!

സ്വർഗ്ഗത്തിൽ നിന്നും ലഭിക്കുന്ന അനുഗ്രഹങ്ങൾ മഹത്തരമാണ്. എല്ലാ ദൈവമക്കളും ഈ അനുഗ്രഹം സ്വായത്തമാക്കണം. നമ്മുടെ പൂർവ്വപിതാവായ യിസഹാക്ക് തന്റെ മക്കളെ അനുഗ്രഹിച്ചപ്പോൾ ആദ്യത്തേത് സ്വർഗ്ഗീയ അനുഗ്രഹമായിരുന്നു. **ദൈവം ആകാശത്തിന്റെ മഞ്ഞും ഭൂമിയുടെ പുഷ്ടിയും അനവധി ധാന്യവും വീഞ്ഞും നിനക്കു തരുമാറാകട്ടെ** (ഉൽപ്പത്തി 27:28). ഈ അനുഗ്രഹപ്രകാരം യിസഹാക്ക് പറഞ്ഞതെല്ലാം യാക്കോബിനു നൽകി ദൈവം അനുഗ്രഹിച്ചു. ആദിയിൽ ദൈവം സ്വർഗ്ഗവും ഭൂമിയും സൃഷ്ടിച്ചു എന്ന് ഉൽപ്പത്തി 1:1 ൽ നാം വായിക്കുന്നു. അപ്പോൾ ആദ്യം സൃഷ്ടിച്ചത് സ്വർഗ്ഗമാണ് *(3-ാം പേജിൽ തുടരും...)*

3-ാം പേജിൽ തുടരും...

ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

(ECHO GROUP)



## from your dearly beloved brother...



**"യഹോവ തിരുമുഖം നിന്റെ മേൽ ഉയർത്തി നിനക്കു സമാധാനം നൽകുമാറാകട്ടെ"**
**സംഖ്യാപുസ്തകം 6:26**

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**CHIEF EDITOR**
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Rev. Dr. K.R. Rajasekaran
Dr. A. Richard Samuel, M.A., Ph.D.

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**CORE LEADERS**
Bro. K. Puratchivendan
Bro. A. Edward Durai
Bro. A. Alvin
Bro. K. Abraham
Sis. Dhanalakshmi Chinnaiah

**E.mail ID**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call

കർത്താവിൽ പ്രീയ സ്നേഹിതരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതിശയകരമായ നാമത്തിൽ നിങ്ങൾക്ക് സ്നേഹവന്ദനം.

ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹത്താൽ 2022 ന്റെ അവസാനം സമീപിച്ചുകൊണ്ടിരിക്കുന്നു. ലോകമെമ്പാടുമുള്ള ജനങ്ങൾ യേശുക്രിസ്തുവിന്റെ ജനനവും 2023 ലെ പുതുവർഷത്തിന്റെ പ്രഭാതവും ആഘോഷിക്കുവാൻ കാത്തിരിക്കുകയാണ്. ആത്മീയ ജനങ്ങളായ നാം ഈ ദിവസങ്ങളെ ഗൗരവമായും ആത്മീകമായും ഉപയോഗിക്കണം. തീഷ്ണമായ പ്രാർത്ഥനയിലും ദൈവത്തിന്റെ യഥാർത്ഥമായ ശുശ്രൂഷയുമായും നാം ബന്ധപ്പെടണം.

പ്രാർത്ഥനയും ശുശ്രൂഷയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. തിരക്കേറിയ ദൈവീക ശുശ്രൂഷയിൽ നാം അനേകരെ കാണുന്നു എങ്കിലും അവരുടെ പ്രാർത്ഥനയുടെ പദ്ധതി നാം തിരസ്കരിക്കുന്നു.

ദൈവം ഇന്നു പ്രഭാതത്തിൽ കരങ്ങളാൽ രചിക്കപ്പെട്ട ഒരു ചിന്ത ഞാൻ നിങ്ങളുമായി പങ്കു വയ്ക്കുവാൻ ആഗ്രഹിക്കുന്നു.

വ്യക്തികൾ തമ്മിലുള്ള കൂട്ടായ്മ അസുഖകരമായ ചില അനുഭവങ്ങൾ ഉണ്ടാക്കിയേക്കാം. നാം പൂർണ്ണതയുള്ളവരല്ല എങ്കിലും അനുദിനം പൂർണ്ണതയിലേക്ക് വളർന്നുകൊണ്ടിരിക്കുന്നവരാണ്. നാം പരിശുദ്ധാത്മാവിനോട് തുറന്ന മനസ്സുള്ളവരാണെങ്കിൽ നമ്മെ രൂപാന്തരപ്പെടുത്തുവാനും ശുദ്ധീകരിക്കുവാനും ദൈവം വ്യക്തികളെ നിയോഗിക്കുന്നു. എന്നാൽ നിരന്തരമായി പ്രാർത്ഥിക്കുന്ന ശീലം ഉള്ള വ്യക്തികളിൽ സംശയത്തിനും കോപത്തിനും സ്ഥാനം ഉണ്ടാകുകയില്ല.

പിറുപിറുപ്പും വഴക്കുമൊക്കെ ഉണ്ടാകുന്നത് പ്രാർത്ഥനയുടെ അഭാവം മൂലമാണ്. പ്രാർത്ഥനയില്ലാത്ത വ്യക്തി പിണക്കത്തിന്റെയോ പിന്മാറ്റത്തിന്റെയോ അനുഭവമുള്ളവരാണ്. കൂട്ടായ്മയിൽ ഉണ്ടാകുന്ന വെല്ലുവിളികളും പ്രശ്നങ്ങളും വ്യക്തമായി മനസ്സിലാക്കിയ പൗലൊസ്, എല്ലാവരും ഇടവിടാതെ പ്രാർത്ഥിക്കണമെന്ന് സഭയിൽ കർശനമായ നിയമം പ്രഖ്യാപിച്ചു. ഈ പ്രശ്നം കൈകാര്യം ചെയ്യാനുള്ള ചുമതല തിമൊഥെയോസിനായിരുന്നു. ആദിമ സഭയിൽ അപ്പൊസ്തലന്മാർ ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരുന്ന



ചെന്നൈയിലെ നമ്മുടെ ശുശ്രൂഷയുടെ മുഖ്യ നേതാക്കൾ

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) · BIBLECOR - Postal Courses (3 languages) · Online Courses · Theological Correspondence Courses (2 languages) · Church Planting · Nehemiah Bible Colleges · Gospel Printing Press · Great Commission Partners · St. Paul's Matriculation School · Crusades · Community Development

പ്പോൾ അവരുടെ പ്രാർത്ഥനയുടെ സമയം നഷ്ടപ്പെടുകയും പ്രശ്നങ്ങളും അതൃപ്തിയും പിണക്കവും അവർ അനുഭവിച്ചു. അതിന്റെ കാരണം പ്രാർത്ഥനയുടെ അഭാവമാണെന്ന് അവർ പെട്ടെന്ന് തന്നെ കണ്ടുപിടിച്ചു. അവർ പ്രാർത്ഥനയ്ക്കു ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തപ്പോൾ കൂട്ടായ്മയുടെ മാധുര്യം അനുഭവിക്കുവാൻ സാധിച്ചു (അ. പ്രവൃത്തികൾ 6:4).

പ്രാർത്ഥന പരാജയപ്പെടുമ്പോൾ വിശുദ്ധി പരാജയപ്പെടുന്നു. അപ്പോൾ എല്ലാ തരത്തിലുമുള്ള പാപങ്ങൾ കടന്നുവരുന്നു. കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയിൽ പെട്ട് വ്യക്തിപരമായ രക്ഷയും യേശുക്രിസ്തുവിന്റെ ശരീരവുമായുള്ള ബന്ധം നശിക്കുന്നു. ജീവിതത്തിൽ സംതൃപ്തി ഇല്ലാതാകുന്നു. പരാതിപ്പെടൽ, പിറുപിറുപ്പ്, കുറ്റം കണ്ടെത്തൽ, വിമർശനം, അപലപിക്കൽ എന്നിവ വളർന്നുവരുന്നു. ഇവയെല്ലാം പ്രാർത്ഥനയില്ലായ്മയുടെ കയ്പേറിയ ഫലങ്ങളാണ്. സംശയം വേദനാജനകമായ അവസ്ഥയിലേക്ക് ജീവിതത്തെ നയിക്കും. പ്രാർത്ഥനയിൽ പരാജയപ്പെടുമ്പോഴാണ് ഇതെല്ലാം സംഭവിക്കുന്നത്. പ്രാർത്ഥനയില്ലായ്മയുടെ ഫലമായി കൂട്ടായ്മ പരാജയപ്പെടുന്നു. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന ജീവരക്തമാണ് പ്രാർത്ഥന.

### ഞങ്ങളുടെ മുഖ്യ നേതാക്കൾക്കായുള്ള പ്രത്യേക പരിപാടി

2022 സെപ്റ്റംബർ 12 വൈകുന്നേരം 5.00 മണി മുതൽ കൂട്ടായ്മയ്ക്കും പ്രാർത്ഥനക്കുമായി ഞങ്ങളുടെ ചെന്നൈ ഓഫീസുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട നേതാക്കൾക്കായി ഒരു പ്രത്യേക ഒത്തുചേരൽ പരിപാടി നടത്തുകയുണ്ടായി. ദൈവം ഈ പരിപാടിയെ അനുഗ്രഹിച്ചു. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു (1 തെസ്സലോനിക്യർ). ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ
**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**
(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com


---

*1-ാം പേജിന്റെ തുടർച്ച...*

എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ദൈവം സ്വർഗ്ഗത്തിന് വളരെയധികം പ്രാധാന്യം നൽകി. ദൈവം നൽകിയ വാഗ്ദാനത്തെക്കുറിച്ച് അബ്രഹാമിനു സംശയം തോന്നിയപ്പോൾ കർത്താവ് അവനെ പുറത്തേക്കു കൊണ്ടുപോയി സ്വർഗ്ഗത്തിലേക്കു നോക്കുവാൻ പറഞ്ഞു.



**പിന്നെ അവൻ അവനെ പുറത്തു കൊണ്ടുചെന്നു: നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോടു കല്പിച്ചു** (ഉൽപ്പത്തി 15:5). ഈ ലൗകീക ജീവിതത്തിൽ നാം തളർന്നുപോകുമ്പോൾ ദൈവം നമുക്കു ചൂണ്ടി



ക്കാണിച്ചുതരുന്ന സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നിമിത്തം നമ്മുടെ ദുഃഖം സന്തോഷമായി മാറും. ഒരു ചെറിയ ബാലൻ യേശുക്രിസ്തുവിന്റെ അടുക്കൽ വന്നു. അവന്റെ പക്കൽ അഞ്ചു അപ്പവും രണ്ടു മീനും ഉണ്ടായിരുന്നു. ആ ഭക്ഷണം കർത്താവായ യേശുക്രിസ്തുവിന്റെ കരങ്ങളിൽ എത്തിയപ്പോൾ അത് അയ്യായിരത്തിലധികം പേരുടെ വിശപ്പ് ശമിക്കാൻ പര്യാപ്തമായിത്തീർന്നു. ഒരു കൊച്ചു ബാലന്റെ പക്കൽ ഉണ്ടായിരുന്ന ആഹാരം എങ്ങനെയാണ് അയ്യായിരത്തിലധികം പേരുടെ വിശപ്പു ശമിപ്പിക്കുവാൻ സാധിച്ചത്? ഈ അത്ഭുതം എങ്ങനെ സംഭവിച്ചു? അത് യേശുക്രിസ്തു ഈ ഭക്ഷണം സ്വർഗ്ഗത്തിലേക്ക് ഉയർത്തി സ്വർഗ്ഗത്തിന്റെ അനുഗ്രഹം വാങ്ങിയതുകൊണ്ടല്ലേ?

തന്റെ ശുശ്രൂഷയിൽ പലപ്പോഴും സ്വർഗ്ഗത്തിലേക്ക് നോക്കുന്ന ശീലം യേശുക്രിസ്തുവിന് ഉണ്ടായിരുന്നു. ദൈവം വസിക്കുന്ന സ്വർഗ്ഗീയ വാസസ്ഥലത്തുനിന്നും ദൈവീകാനുഗ്രഹങ്ങളുടെ ശക്തി താഴേക്കു വരും. ഒരു ബാലന്റെ വിശപ്പടക്കുവാൻ മാത്രം പര്യാപ്തമായ ഭക്ഷണം സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ ശക്തിയേറിയ മഹത്വം കാരണം ആയിരക്കണക്കിനാളുകളുടെ പട്ടിണി ശമിപ്പിക്കാൻ കഴിഞ്ഞു.

സ്വർഗ്ഗത്തിന്റെ മഹത്വം തെളിയിക്കുന്ന മറ്റൊരു സംഭവം നോക്കാം. **ഒരിക്കൽ ബധിരനും മൂകനുമായ ഒരുവനെ ചില ആളുകൾ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ അവനെ പുരുഷാരത്തിൽനിന്നു വേറിട്ടു കൂട്ടിക്കൊണ്ടുപോയി അവന്റെ ചെവിയിൽ വിരൽ ഇട്ടു, തുപ്പി അവന്റെ നാവിനെ തൊട്ടു, സ്വർഗ്ഗത്തേക്കു നോക്കി നെടുവീർപ്പിട്ടു അവനോടു: തുറന്നു വരിക എന്നു അർത്ഥമുള്ള "എഫഥാ" എന്നു പറഞ്ഞു** (മർക്കൊസ് 7:33,34). ലാസർ രോഗബാധിതനായപ്പോൾ അവനെ സൗഖ്യമാക്കുവാനായി യേശുക്രിസ്തുവിനെ ക്ഷണിച്ചു. എന്നാൽ ലാസർ രോഗബാധിതനായിരുന്നപ്പോഴും അവൻ മരിച്ചപ്പോഴും യേശുക്രിസ്തു അവിടെ ചെന്നില്ല. ലാസർ മരിച്ച് നാലു ദിവസം കഴിഞ്ഞാണ് യേശു അവിടെ എത്തിയത്. ലാസർ തന്റെ പ്രീയപ്പെട്ട സുഹൃത്തായിരുന്നെങ്കിലും മരിച്ച് ശരീരം നാറ്റം വച്ചു തുടങ്ങിയപ്പോഴാണ് യേശു അവിടെ എത്തിയത് (യോഹന്നാൻ 11:39). "**...യേശു മേലോട്ടു നോക്കി: പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു...**" (യോഹന്നാൻ 11:41,42) എന്നു വേദപുസ്തകം പറയുന്നു. അങ്ങനെ എല്ലാ അനുഗ്രഹങ്ങളും ശക്തിയും മുകളിൽനിന്നും പ്രാപിച്ചതിനുശേഷം അവൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: **ലാസറേ, പുറത്തുവരിക** (യോഹന്നാൻ 11:43). മരിച്ച് നാലു ദിവസമായി നാറ്റം വച്ചു തുടങ്ങിയ ശരീരമുള്ളവനായ ലാസർ ജീവനോടെ പുറത്തുവന്നു. ആവശ്യം എത്ര വലിയതായാലും യേശുക്രിസ്തുവിനു അത് പ്രശ്നമേയല്ല. അവൻ സർവ്വശക്തനും ശക്തിയേറിയവനും ആയതിനാൽ ഒരു പ്രശ്നവും അവനേക്കാൾ മുകളിലല്ല. സർവ്വശക്തനായ ദൈവത്തിന്റെ ശക്തി ഏതൊരു പ്രശ്നവും തീർക്കാൻ മതിയായതാണ്. കൂടാതെ, ആത്മാർത്ഥമായി വിശ്വസിക്കുന്ന ഏവർക്കും ദൈവരാജ്യം വാഗ്ദത്തം ചെയ്യുകയും ചെയ്യുന്നു. യിസ്രായേൽ മക്കൾ രെഫീദിമിലായിരുന്നപ്പോൾ അവർ കുടിവെള്ളത്തിനായി മോശെയുമായി കലഹിച്ചു. ആ സമയം മോശെ മുകളിലേക്കു നോക്കി ദൈവത്തോടു നിലവിളിച്ചു (പുറപ്പാട് 17:1-4). ദൈവീക സാന്നിദ്ധ്യം ആ ഉണങ്ങി

വരണ്ട പ്രദേശത്ത് അതിശക്തമായി ഇറങ്ങി, പാറയിൽ നിന്നും ദാഹജലം ഒഴുക്കിക്കൊടുത്തു (പുറപ്പാട് 17:5,6).

യാക്കോബ് ബേർ-ശേബയിൽനിന്നും ഹാരാനിലേക്ക് പോയപ്പോൾ അവൻ ഭവനരഹിതനായ നാടോടിയെപ്പോലെ ഒരു സ്ഥലത്തു പാർത്തു. ഒരു കിടക്കയോ തലയിണയോ ഇല്ലാതിരുന്നതിനാൽ അവൻ തലയിണയായി ഒരു കല്ല് വച്ച് തന്റെ ഭാവിയെന്താണ് എന്നറിയാതെ കിടന്നുറങ്ങി. ജീവിതം എന്താണെന്ന് അറിയാത്ത ഒരു തുടക്കക്കാരനായതിനാൽ അവൻ കടുത്ത മാനസിക വിഭ്രാന്തിയിലുമായിരുന്നു. അപ്പോൾ അവൻ ഒരു സ്വപ്നം കണ്ടു: **ഇതാ ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി, അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു; അതിന്മേൽ യഹോവ നിന്നു...** (ഉൽപ്പത്തി 28:12,13).

ഒരു ദൈവദാസൻ തന്റെ മുഴുവൻ സമ്പാദ്യവും ജനങ്ങളുടെ വഴിപാടും ചേർത്ത് 5000 പേർക്ക് ഇരുന്ന് ആരാധിക്കാൻ പാകത്തിലുള്ള ഒരു ആലയം നിർമ്മിച്ചു. ചില മാസങ്ങൾക്കുശേഷം, പല പ്രശ്നങ്ങളുടെയും മദ്ധ്യേ നിർമ്മിച്ച ആ ആലയത്തിൽ ഒരു വലിയ കൊടുങ്കാറ്റ് അടിക്കുകയും ആ ആലയം നിലംപൊത്തുകയും ചെയ്തു. കഠിനമായ മനോവ്യഥയിലായിരുന്നപ്പോഴും ദൈവത്തെ സ്തുതിക്കുന്നതു കണ്ടപ്പോൾ അനേകർ അദ്ദേഹത്തെ കളിയാക്കി. ഈ വിഷമകരമായ സാഹചര്യത്തിൽ ചിലർ അദ്ദേഹത്തെ സമീപിച്ച് "ഞങ്ങളുടെ പള്ളിയിൽ പ്രസംഗിക്കാമോ" എന്നു ചോദിച്ചു. തനിക്ക് ആശ്വാസമാകുമെന്നു കരുതി അദ്ദേഹം ആ അപേക്ഷ സ്വീകരിച്ചു. മാസങ്ങളോളം അവരുമായി ചേർന്ന് തന്റെ പ്രസംഗ ശുശ്രൂഷ ചെയ്തു. അദ്ദേഹം പ്രസംഗിക്കുന്നിടത്തെല്ലാം ദൈവസാന്നിദ്ധ്യം ജനം അനുഭവിച്ചറിഞ്ഞതിനാൽ അനേകം പേർ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ തുടങ്ങി. അനേകർ പുതു ജീവൻ പ്രാപിച്ചു. ഒരിക്കൽ രണ്ടു ലക്ഷത്തിലധികം പേർ പങ്കെടുത്ത യോഗത്തിൽ പ്രസംഗിക്കാൻ തുടങ്ങവേ ചെവിയിൽ ദൈവത്തിന്റെ മൃദുവായ സ്വരം വ്യക്തമായി അദ്ദേഹം കേട്ടു. അത്യന്തം സന്തോഷത്തോടെ ദൈവത്തിന്റെ സ്വരം കേട്ടുകൊണ്ടിരുന്നപ്പോൾ ദൈവം ഇങ്ങനെ പറഞ്ഞു: "നീ അയ്യായിരം പേർക്കു വേണ്ടി മാത്രം ശുശ്രൂഷിക്കാനുള്ളവനല്ല. നിന്നെ ലക്ഷങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാനാണ് നിന്റെ പഴയ പള്ളി ഞാൻ നശിപ്പിച്ചത്".

പക്ഷി തനിയെ പറക്കാൻ പഠിക്കാനും തനിയെ ഇരയെ കണ്ടെത്താനുമായി കർത്താവ് അതിന്റെ കൂടു നശിപ്പിച്ചു. ഏതു തരം ഏണിയാണ് യാക്കോബ് സ്വപ്നം കണ്ടത്? ഗോവണിയുടെ ഏറ്റവും മുകളിൽ അവൻ ദൈവത്തെ കണ്ടു. ഗോവണിയെക്കുറിച്ച് അറിയാൻ നമുക്ക് യോഹന്നാൻ 1:51 ലേക്ക് തിരിയാം. **ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും** (യോഹന്നാൻ 1:51). ആ ഗോവണി യേശുക്രിസ്തു തന്നെയാണ്. പിതാവായ ദൈവത്തിന്റെ അടുക്കൽ നിങ്ങളുടെ പ്രാർത്ഥനകൾ എത്തിക്കുന്നതും അതിന്റെ മറുപടി ദൈവസന്നിധിയിൽനിന്നും നിങ്ങളിലേക്ക് എത്തിക്കുന്നതും യേശുക്രിസ്തുവാണ്. **അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണു അഗ്നിജ്വാലയ്ക്കു ഒത്തതും കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയും ആയിരുന്നു. അവന്റെ വലങ്കയ്യിൽ ഏഴു നക്ഷത്രം ഉണ്ട്** (വെളിപ്പാടു 1:14,15). തിളങ്ങുന്ന സൂര്യന്റെ മുഖമുള്ള യേശുക്രിസ്തു ഒരു ഗോവണി പോലെ എപ്പോഴും നമ്മോടുകൂടെയിരുന്ന് നമ്മെ ഒരിക്കലും കൈവിടാതെ സംരക്ഷിക്കുന്നു. ഇയ്യോബ് 9:11ൽ നാം ഇങ്ങനെ വായിക്കുന്നു: **അവൻ എന്റെ അരികെ കൂടി കടക്കുന്നു; ഞാൻ അവനെ കാണുന്നില്ല; അവൻ കടന്നുപോകുന്നു; ഞാൻ അവനെ അറിയുന്നതുമില്ല.** അവൻ നമ്മോടൊപ്പം വസിക്കുമ്പോൾ അവൻ നമുക്ക് അനുഗ്രഹങ്ങൾ തരാൻ തയ്യാറാണെങ്കിലും നാം അത് തിരിച്ചറിയുന്നതിൽ പരാജയപ്പെടുന്നു.

## 2. ഭൂമിയുടെ അനുഗ്രഹങ്ങൾ!

നമുക്ക് സ്വർഗ്ഗീയാനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ ദൈവം നമുക്ക് ഭൗതീകമായ നന്മകളും നൽകുന്നു. ഭൂമിയുടെ അനുഗ്രഹങ്ങൾ വളരെ പ്രധാനമാണ്. സീനായ് മലയിൽ വച്ച് മോശെയോടു സംസാരിച്ചു തീർന്നതിനുശേ



ഷം ദൈവം അവന് തന്റെ സ്വന്തം കരങ്ങൾ കൊണ്ട് എഴുതിയ സാക്ഷ്യത്തിന്റെ രണ്ടു കല്പലകകൾ അവനു കൊടുത്തു (പുറപ്പാട് 31:18). മോശെയ്ക്കു സ്വർഗ്ഗീയാനുഗ്രഹങ്ങൾ ലഭിച്ചതിനുശേഷം അവൻ ഭൂമിയുടെ അനു

06-ാം പേജിൽ തുടരും...


नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

माध्यमः हिन्दी

सदस्यता के लिए पंजीकृत उम्मीदवार - ATA

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान

सर्टिफिकेट इन थियोलॉजी – 1 साल
डिप्लोमा ऑफ थियोलॉजी – 2 साल

योग्यता 10 वी या अधिक
जल्दी करें!

Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS

ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**നവംബർ 19** : ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്നിവക്കായി.

**നവംബർ 20** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

**നവംബർ 21** : 16 ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനി മാസിക സുവിശേഷ അച്ചടിശാലയിൽ അച്ചടിക്കുവാനും വിതരണം ചെയ്യുവാനും സഹായിച്ചതിനായി.

**നവംബർ 22** : ഒക്ടോബർ മാസത്തെ എല്ലാ ആവശ്യങ്ങളും നിറവേറ്റിയതിനായി

**നവംബർ 23** : ആശുപത്രി ശുശ്രൂഷയിലെ ദൈവീകാനുഗ്രഹങ്ങൾക്കായി.

**നവംബർ 24** : മുഖ്യസഭ, ശാഖാസഭ എന്നിവയ്ക്കും അവയിലെ വിശ്വാസികൾക്കായും.

**നവംബർ 25** : സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവർക്കായി.

**നവംബർ 26** : വൈവിധ്യമായ ശുശ്രൂഷകളിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ സമർപ്പണത്തിനായി.

**നവംബർ 27** : ഞങ്ങളുടെ സഭകളിൽ പുതിയ വിശ്വാസികൾ ലഭിച്ചതിനായി.

**നവംബർ 28** : ഞങ്ങളുടെ പ്രവർത്തനങ്ങൾക്കായി പുതിയ ജീവനക്കാരെ തന്നതിനായി.

**നവംബർ 29** : 12-09-2022 ലെ നേതാക്കളുടെ കൂടിച്ചേരൽ അനുഗ്രഹപ്രദമാക്കിയതിനായി.

**നവംബർ 30** : 30-09-2022 ൽ ചെപ്പോക്കിലുള്ള വിശ്വാസികൾക്കായുള്ള പ്രാർത്ഥനായോഗം അനുഗ്രഹിച്ചതിനായി.

**ഡിസംബർ 01** : ഞങ്ങളുടെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഡിസംബർ 02** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കായും അവരുടെ സഹകരണത്തിനായും.

**ഡിസംബർ 03** : ഞങ്ങളുടെ മുഖ്യസഭയിലും ശാഖാസഭകളിലുമുള്ള ഞായർ ആരാധന, ശുശ്രൂഷ എന്നിവയിലൂടെ സുവിശേഷം എത്തിച്ചേരാത്തിടങ്ങളിൽ എത്തിക്കുവാൻ സഹായിക്കുന്നതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ഡിസംബർ 04** : രാഷ്ട്രങ്ങൾ തമ്മിലുള്ള ഐക്യത്തിനും സമാധാനത്തിനുമായി.

**ഡിസംബർ 05** : ഞങ്ങളുടെ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ് എന്നിവയിലെ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കുമായി.

**ഡിസംബർ 06** : വിളിയുടെ പ്രതിധ്വനിയുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

**ഡിസംബർ 07** : ഞങ്ങളുടെ ജീവനക്കാരെയും പ്രിന്റർമാരെയും ജോലിസമയത്ത് ആരോഗ്യത്തോടെ കാത്തുപരിപാലിക്കുന്നതിനായി.

**ഡിസംബർ 08** : നെഹെമ്യ ബൈബിൾ കോളേജിലെ വിദ്യാർത്ഥികളുടെ ആരോഗ്യത്തിനായി.

**ഡിസംബർ 09** : വിളിയുടെ പ്രതിധ്വനി മാസിക സിന്ധി, മണിപ്പൂരി, കൊങ്കണി ഭാഷകളിൽ പ്രസിദ്ധീകരിക്കുവാനായി.

**ഡിസംബർ 10** : ഞങ്ങളുടെ സംഘടനയ്ക്ക് അനുയോജ്യരായ ജീവനക്കാരെ തെരഞ്ഞെടുക്കുവാൻ.

**ഡിസംബർ 11** : യുവാക്കൾക്കിടയിലെ ആത്മഹത്യ പ്രവണത ഇല്ലാതാകുവാൻ.

**ഡിസംബർ 12** : മുഖ്യസഭയിലെയും ശാഖാസഭയിലെയും അംഗങ്ങളുടെ അനുഗ്രഹത്തിനായി.

**ഡിസംബർ 13** : ഈ മാസത്തെ എല്ലാ ആവശ്യങ്ങളും ദൈവം നിറവേറ്റി തരുവാൻ.

**ഡിസംബർ 14** : വിളിയുടെ പ്രതിധ്വനിയുടെ സംസ്ഥാന കോഡിനേറ്റർമാർക്കായും ശുശ്രൂഷാപ്രവർത്തനങ്ങളിലെ പങ്കാളികൾക്കായും.

**ഡിസംബർ 15** : ഞങ്ങളുടെ ശുശ്രൂഷയുടെ വികസനത്തിനായും ലോക സുവിശേഷീകരണത്തിനായും.

**ഡിസംബർ 16** : ലോകം മുഴുവനുമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷക്കായി.

**ഡിസംബർ 17** : സീനിയർ പാസ്റ്റർ ആത്മകഥ രചിക്കുന്നതിൽ വിജയിച്ചതിനായി.

**ഡിസംബർ 18** : സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെയും കു ടുംബാംഗങ്ങളുടെയും ദുഷ്ട ശക്തികളിൽ നിന്നുള്ള ദൈവീക സംരക്ഷണക്കായി.

... 4-ാം പേജിന്റെ തുടർച്ച

ഗ്രഹമായ കല്പലകയിൽ എഴുതിയ ദൈവീക നിയമം താഴേക്കു കൊണ്ടുവന്നു. ജനങ്ങളെ നയിക്കാനും, മക്കൾക്കു വഴി കാണിക്കാനും, കുടുംബം പോറ്റാനും ഭൂമിയുടെ ഈ അനുഗ്രഹം ആവശ്യമായിരുന്നു. മോശെ പർവ്വതത്തിൽനിന്നും ഇറങ്ങി വരാൻ താമസിച്ചപ്പോൾ ജനങ്ങൾ അഹരോനെ നിർബന്ധിച്ച് ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനെ വണങ്ങി. അതു കണ്ട മോശെ അത്യന്തം അസ്വസ്ഥനായി, വളരെയധികം കോപത്തോടെ കല്പലകകൾ താഴെയിട്ടു തകർത്തുകളഞ്ഞു. സ്വർഗ്ഗീയവും ആത്മീയവുമായ അനുഗ്രഹങ്ങൾ മാത്രം നമുക്കു ലഭിച്ചാൽ പോരാ. ഭൂമിയുടെ അനുഗ്രഹങ്ങളും നമുക്കുണ്ടാകണം. ഈ അനുഗ്രഹം നമ്മുടെ വേദന, മാനസിക പിരിമുറുക്കം, ദുഃഖം എന്നിവ ഇല്ലാതാക്കും. ലൗകീകമായ അനുഗ്രഹങ്ങൾ ലഭിക്കുവാനും ഇതു നമ്മെ സഹായിക്കുന്നു. ഈ അനുഗ്രഹവും ദൈവത്തിൽ നിന്നു തന്നെയാണ് വരുന്നത്. ഭൂമിയുടെ അനുഗ്രഹങ്ങൾ നിശ്ചയമായും നമ്മൾ സ്വീകരിക്കണം. ഈ അനുഗ്രഹം നമുക്ക് നമ്മുടെ ജനങ്ങൾക്കും നമ്മുടെ മക്കൾക്കും കുടുംബത്തിനുമായിപയോഗിക്കാനും അവരെ നയിക്കുവാനും സാധിക്കും. ഈ അനുഗ്രഹം ലഭിക്കാത്തതിനാൽ അനേകം കുടുംബങ്ങൾ വലിയ ദുരിതത്തിലാണ്. സ്വർഗ്ഗീയാനുഗ്രഹം മാത്രം മതി എന്നു കരുതി പലരും ഭൂമിയുടെ അനുഗ്രഹം നിരസിക്കുകയും, ദൈവം അവർക്കു നൽകിയതിനെ തകർത്തു കളയുകയും ചെയ്യുന്നു. അതിനാൽ അവർ ദുഃഖത്തിൽ ജീവിക്കുന്നു.

ഇയ്യോബിന്റെ ജീവിതത്തിലെ ഭൂമിയുടെ എല്ലാ അനുഗ്രഹങ്ങളും ഒറ്റ ദിവസം കൊണ്ടു തന്നെ നഷ്ടപ്പെട്ടു. 7000 ആടുകൾ, 3000 ഒട്ടകങ്ങൾ, 500 കാളകൾ, 500 പെൺകഴുതകൾ, സ്വന്തം പുത്രന്മാർ, പുത്രിമാർ, വേലക്കാർ എന്നിവരെ ഒറ്റ ദിവസം കൊണ്ടു തന്നെ അദ്ദേഹത്തിനു നഷ്ടപ്പെട്ടു. തനിക്കു നഷ്ടപ്പെട്ടതിന്റെ ഇരട്ടിയായി തരുവാൻ കർത്താവായ ദൈവത്തിനു കഴിയുമെന്ന് ഇയ്യോബിന് അറിയാമായിരുന്നു. ദൈവം അവനെ ഒരിക്കലും കൈവിടുകയില്ല എന്ന് അവൻ വിശ്വസിച്ചു. സാത്താന്റെ പരീക്ഷണങ്ങൾ നിമിത്തം ഭൂമിയുടെ അനുഗ്രഹങ്ങൾ നഷ്ടപ്പെടുമെങ്കിലും നമുക്ക് ഇരട്ടിയായി നൽകാൻ ദൈവത്തിനു കഴിയും. **ഞാൻ നിനക്കു മുമ്പായി ചെന്നു ദുർഘടങ്ങളെ നിരപ്പാക്കുകയും താമ്രവാതിലുകളെ തകർത്തു ഇരുമ്പോടാമ്പലുകളെ ഖണ്ഡിച്ചുകളകയും ചെയ്യും.... നീ എന്നെ അറിയാതെ ഇരിക്കെ ഞാൻ നിന്നെ ഓമന പേർ ചൊല്ലി വിളിച്ചിരിക്കുന്നു** (യെശയ്യാവ് 45:2-4).

**യഹോവ പിന്നെയും മോശെയോടു കല്പിച്ചതെന്തെന്നാൽ: മുമ്പിലത്തവ പോലെ രണ്ടു കല്പലക ചെത്തിക്കൊൾക; എന്നാൽ നീ പൊട്ടിച്ചു കളഞ്ഞ മുമ്പിലത്തെ പലകയിൽ ഉണ്ടായിരുന്ന വചനങ്ങളെ ഞാൻ ആ പലകയിൽ എഴുതും** (പുറപ്പാട് 34:1).

നിങ്ങൾ ദൈവത്തിന്റെ വാഗ്ദാനമോ ഭൂമിയിലെ അനുഗ്രഹങ്ങളോ ലംഘിച്ചിട്ടുണ്ടെങ്കിൽ അതു നിങ്ങൾക്കു തിരികെ നൽകാൻ ദൈവം തയ്യാറാണെന്നു ദയവായി മനസ്സിലാക്കുക. വിശ്വാസത്തോടെ പ്രവർത്തിക്കുക. നിശ്ചയമായും ദൈവം നിങ്ങളുടെ ആവശ്യം നിറവേറ്റും.

## 3. മാറിടത്തിലെ അനുഗ്രഹങ്ങൾ!

മാറിടത്തിലെ അനുഗ്രഹങ്ങൾ കുഞ്ഞുങ്ങളെ പോറ്റി വളർത്തുന്ന അമ്മമാരെ സൂചിപ്പിക്കുന്നു. യോസേഫ് മാറിടത്തിന്റെയും ഗർഭപാത്രത്തിന്റെയും അനുഗ്രഹം സിദ്ധിച്ചവനാണ്. 2 രാജാക്കന്മാർ 4:8 ൽ വളരെ ആദരിക്കപ്പെട്ടിരുന്ന ശൂനേംകാരത്തിയെക്കുറിച്ച് വർണ്ണിക്കുന്നു. അവൾക്ക് ദൈവദാസന്മാരെ സേവിക്കുന്ന ശീലം അവൾക്കുണ്ടായിരുന്നു. അവൾ മുകളിൽ ഒരു നില കൂടി പണിയുകയും അവിടെ ദൈവദാസന്മാരെ പാർപ്പിക്കുകയും ചെയ്തു. അവൾ അവരുടെ ആവശ്യങ്ങളെല്ലാം നിറവേറ്റിക്കൊടുത്തു. എലീശ അവളോട്: **നീ ഇത്ര താല്പര്യത്തോടെയൊക്കെയും ഞങ്ങൾക്കുവേണ്ടി കരുതിയല്ലോ? നിനക്കു വേണ്ടി എന്തു ചെയ്യേണം?** (2രാജാക്കന്മാർ 4:13). ദൈവദാസന്മാരെ അവൾ നന്നായി പരിചരിച്ചു എന്ന് ഇതിലൂടെ നമുക്കു മനസ്സിലാക്കാം. **യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു: നിങ്ങൾ ക്രിസ്തുവിനുള്ളവർ എന്നീ നാമത്തിൽ ആരെങ്കിലും ഒരു പാനപാത്രം വെള്ളം നിങ്ങൾക്കു കുടിപ്പാൻ തന്നാൽ അവന്നു പ്രതിഫലം കിട്ടാതിരിക്കയില്ല** (മർക്കൊസ് 9:4). ദൈവദാസന്മാർക്കു നിങ്ങൾ ചെയ്യുന്ന സേവനം സ്വർഗ്ഗം മാനിക്കുന്നു. ആരാണ് ദൈവത്തിന്റെ ദാസന്മാർ? നിങ്ങളുടെ ഹൃദയത്തിന്റെയും ആത്മാവിന്റെയും പുരോഗതിക്കായി പ്രവർത്തിക്കുന്നവർ. ജീവിതത്തിൽ നിങ്ങൾ വിജയിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തിലുള്ള ദൈവത്തോട് നിങ്ങളെക്കുറിച്ച് അവർ പറയുന്നു. **യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല** (സങ്കീർത്തനങ്ങൾ 23:1). ഇടയന്റെ കൈയ്യിലുള്ള വടി, ആടുകൾക്കു തിന്നാനായി മരങ്ങളിൽ നിന്നും തളിരിലകൾ ഒടിച്ചിടുവാൻ സഹായിക്കുന്നു. ആടുകൾ നിലത്തിലെ പുല്ല് തിന്നു തീർക്കുമ്പോൾ മരങ്ങളിൽ നിന്നും തളിരിലകൾ വടി ഉപയോഗിച്ച് പറിച്ചിട്ടുകൊടുക്കുന്നു. ഇതാണ് മാറിടത്തിലെ അനുഗ്രഹം. ഒരു അമ്മ തന്റെ കുഞ്ഞിനു മുലപ്പാൽ നൽകുന്നതുപോലെ ദൈവദാസന്മാർ ദൈവത്തിൽ നിന്നും അനുഗ്രഹങ്ങൾ നേടി ജനങ്ങൾ


നെഹെമ്യ ബൈബിൾ
സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ഭാഷ : തമിഴ്

അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL Estd.: 1969

കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം
വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

അതിവേഗം അഡ്മിഷൻ നേടുവിൻ!

10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.

Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

ക്കു കൈമാറുന്നു. അതിനാൽ നാം മാറിടത്തിന്റെ അനുഗ്രഹങ്ങൾ ദൈവദാസന്മാരിൽ നിന്നും സ്വീകരിക്കേണ്ടതാകുന്നു.

**ഹന്നക്കോ മക്കളില്ലായിരുന്നു** (1ശമൂവേൽ 1:3). **യഹോവ അവളുടെ ഗർഭം അടച്ചിരുന്നതിനാൽ...** (1ശമൂവേൽ 1:6). അവളുടെ ഗർഭപാത്രം അടച്ചത് ദൈവമായിരുന്നു എന്ന് ഈ വാക്യങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാം. തനിക്ക് ഒരു ആൺകുഞ്ഞിനെ നൽകുകയാണെങ്കിൽ അവന്റെ ജീവിതം മുഴുവനും ദൈവത്തിനായി സമർപ്പിക്കാമെന്ന് അവൾ പ്രാർത്ഥിച്ചു.

1. **ഒരു കുഞ്ഞിനെ ഗർഭം ധരിക്കുക എന്നാൽ ദൈവത്തിന്റെ ദർശനം സ്വീകരിക്കുക** എന്നാണ്. ഇതു മാത്രമായിട്ട് പ്രാധാന്യമുള്ളതല്ല.
2. **ആ കുഞ്ഞ് ജനിക്കണം**-ഈ ദർശനം സ്വീകരിക്കുന്നതിലൂടെ നാം ഫലാതിഷ്ഠിതരാകണം എന്ന് ഇതിനർത്ഥം.
3. **പിന്നെ കുഞ്ഞിനെ വളർത്തേണം**-ഒരിക്കൽ ദൈവദർശനം ലഭിച്ചുകഴിഞ്ഞാൽ ആ ദർശനം ഉയർത്തിക്കൊണ്ട് ശ്രദ്ധാപൂർവ്വം പ്രവർത്തനനിരതനാകണം.

നവജാതശിശുവിനെ ചവറ്റുകൊട്ടയിൽ എറിയുന്ന ചില അമ്മമാരെപ്പോലെ ദൈവദാസന്മാർ ആകരുത്. സുവിശേഷം പ്രസംഗിക്കുന്നതിലൂടെ നമുക്ക് മറ്റുള്ളവരിൽ ദൈവീകദർശനം സൃഷ്ടിക്കാൻ കഴിയണം. അവർ അത് നേടിക്കഴിഞ്ഞാൽ അവരെ ഏകരായി വിട്ടയക്കാൻ കഴിയുകയില്ല. ഈ ആത്മാക്കളെ ആത്മാവിലും സത്യത്തിലും വചനത്തിലൂടെ പോറ്റി വളർത്തണം. അബ്രഹാമിന്റെ മകൻ വളർന്ന് മുലകുടി മാറിയതായി ഉല്പത്തി 21:8 ൽ വായിക്കാം. മുലകുടി മാറിയതിനുശേഷം അബ്രഹാം വിരുന്നു സൽക്കാരം നടത്തി. സഭയിലുള്ള ഒരു വ്യക്തിക്ക് ദർശനം ലഭിച്ചതിനുശേഷം ആത്മീയസത്യം നേടിയെടുക്കാനും അതിൽ വളരുവാനും ദൈവദാസന്മാർ അവനെ നയിക്കണം. ഒരമ്മ തന്റെ കുഞ്ഞുങ്ങൾ വളരാനായി പാൽ നൽകുന്നതുപോലെ മാറിടത്തിന്റെ അനുഗ്രഹം ലഭിച്ച ദൈവദാസന്മാർ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നിന്നുകൊണ്ട് അത് സഭയ്ക്കും ജനങ്ങൾക്കും കൈമാറുകയും അവരെ വളരാൻ സഹായിക്കുകയും വേണം. ദൈവത്തിന്റെ സഭ ശക്തമായി പണിയണം, **പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല** (മത്തായി 16:18). ദൈവജനത്തെ സഭയിൽ നട്ടുവളർത്തണം. **യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും** (സങ്കീർത്തനങ്ങൾ 92:13).

## *4. ഗർഭപാത്രത്തിന്റെ അനുഗ്രഹങ്ങൾ!*

**എലീശ വീട്ടിൽ വന്നപ്പോൾ തന്റെ കട്ടിലിന്മേൽ ബാലൻ മരിച്ചുകിടക്കുന്നതുകണ്ടു. താനും ബാലനും മാത്രം അകത്തു ഉണ്ടായിരിക്കെ അവൻ വാതിൽ അടെച്ചു യഹോവയോടു പ്രാർത്ഥിച്ചു. പിന്നെ അവൻ കയറി ബാലന്റെ മേൽ കിടന്നു; തന്റെ വായ് ബാലന്റെ വായ്മേലും തന്റെ കണ്ണു അവന്റെ കണ്ണിന്മേലും തന്റെ ഉള്ളംകൈകൾ അവന്റെ ഉള്ളം കൈകളിന്മേലും വെച്ചു അവന്റെമേൽ കവിണ്ണുകിടന്നപ്പോൾ ബാലന്റെ ദേഹത്തിന്നു ചൂടുപിടിച്ചു. അവൻ ഇറങ്ങി മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും ഒന്നു നടന്നിട്ടു പിന്നെയും കയറി അവന്റെ മേൽ കവിണ്ണുകിടന്നു; അപ്പോൾ ബാലൻ ഏഴു പ്രാവശ്യം തുമ്മി കണ്ണു തുറന്നു** (2 രാജാക്കന്മാർ 4:32-35).

ഇതും ദൈവദാസന്മാരിലൂടെ നമുക്കു ലഭിച്ച അനുഗ്രഹമാണ്. ഒരു അമ്മ വേദനയോടെ കുഞ്ഞിനെ പ്രസവിക്കുന്നതുപോലെ, ദൈവദാസന്മാർ ദൈവീകശക്തി നേടി, ജനങ്ങളോട് സുവിശേഷം അറിയിച്ച്, അവരെ വളരാൻ സഹായിച്ച്, സഭയിലേക്ക് കൂടുതൽ ജനങ്ങളെ ആനയിക്കുവാൻ പ്രേരിപ്പിച്ച്, കൂടുതൽ സഭകൾ സ്ഥാപിച്ച് ദൈവശക്തിയെ പ്രാവർത്തികമാക്കണം. ഇതിൽ ദൈവദാസന്മാരുടെ പങ്ക് പ്രധാനമാണ്. ദൈവത്തിൽനിന്ന് എന്തു കല്പന ലഭിക്കുന്നുവോ അത് ജനങ്ങളിലും സഭകളിലും വ്യക്തമായി നടപ്പാക്കണം. അവർ ദൈവത്തിന്റെ കല്പനകൾ സംരക്ഷിക്കുകയും വേണം.

ദൈവത്തെ സേവിക്കാനുള്ള വിളി വരുമ്പോൾ അതു നാം പിന്തിരിയാതെ സ്വീകരിക്കണം. ഭാരതത്തിലെ ഭാഷകളോ സംസ്കാരങ്ങളോ ഒന്നും അറിയാതെ സ്വയമായി ഇന്ത്യയിലേക്ക് വന്നതാണ് യേശുക്രിസ്തുവിന്റെ ശിഷ്യനായ തോമാസ്. തന്റെ വിശ്വാസ

*09-ാം പേജിൽ തുടരും...*

## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ് സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീ സ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
Ph.: (044) 2852 8282, 2852 9293, 2854 7766,
Cell : 98410 71852, 95661 31858
E.mail : biblecor@yahoo.co.in

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | |
|---|---|
| Account Name | : ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : 1023 2923 805 |
| Bank Name | : STATE BANK OF INDIA |
| Branch | : TRIPLICANE, CHENNAI - 600 005 |
| IFSC Code | : SBIN 0000249 |
| SWIFT Code | : SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## ദൈവം മതിയായവൻ!

**GOD IS SUFFICIENT!**

***യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല (സങ്കീർത്തനങ്ങൾ 34:10)***

**വിളിയുടെ പ്രതിധ്വനി ശുശ്രൂഷ** ഞങ്ങൾ 1969 ൽ ആരംഭിച്ചപ്പോൾ മുതൽ തന്നെ ഞങ്ങളുടെ വിവിധ ശുശ്രൂഷകൾക്കായി വളരെയധികം പണം ആവശ്യമായിരുന്നു. ജീവനക്കാരുടെ ശമ്പളം, അച്ചടിക്കായുള്ള കടലാസ്, തപാൽ സ്റ്റാമ്പുകൾ, ടെലിഫോൺ ചാർജുകൾ, വൈദ്യുതി ചാർജുകൾ, കെട്ടിടങ്ങളുടെ വാടക, ഗതാഗതം, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവക്കായി പണം വേണമായിരുന്നു.

വ്യക്തിപരമായി പറഞ്ഞാൽ എന്റെ യേശുക്രിസ്തു എനിക്ക് പര്യാപ്തമായിരുന്നു. പണം പ്രതീക്ഷിച്ച് ഞാൻ ഇന്നുവരെയും ആരുടെയും കതകിലോ ഓഫീസിലോ മുട്ടിയിട്ടില്ല. സാമ്പത്തിക സഹായം അഭ്യർത്ഥിച്ച് എന്റെ സഭാംഗങ്ങളെയോ സുഹൃത്തുക്കളെയോ സമീപിക്കുന്ന സ്വഭാവവും എനിക്കില്ലായിരുന്നു. എന്നാൽ ഇതുവരെ, എന്നെ വിളിച്ച കർത്താവ് എന്റെ എല്ലാ ആവശ്യങ്ങളും അത്ഭുതകരമായി നടത്തിത്തരുന്നു.

**അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്യുന്നു...** (സഭാപ്രസംഗി 3:11).

ആവശ്യങ്ങളുടെയും പ്രയാസങ്ങളുടെയും സാഹചര്യം വരുമ്പോൾ, അതിനെ സഹിക്കാനുള്ള സമയമായും, പ്രാർത്ഥനക്കായി ദൈവം എന്നെ നിർബന്ധിക്കുന്ന സമയമായും, ദൈവത്തോടുള്ള ബന്ധം പ്രാർത്ഥനയിലൂടെ കൂടുതൽ ദൃഢമാക്കേണ്ട സമയമായും, കാണുന്നത് ഞാൻ എന്റെ സ്വഭാവമാക്കി. ഈ അനുഭവങ്ങൾക്കു ശേഷം ഞാൻ വളരെയധികം അത്ഭുതങ്ങൾ എന്റെ ജീവിതത്തിൽ പ്രാപിച്ചു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ദൈവം എന്നെ സഹായിക്കാൻ എനിക്കറിഞ്ഞുകൂടാത്ത പലരെയും ഉയർത്തുമായിരുന്നു. അതുപോലെ പല അജ്ഞാതരായ വ്യക്തികളിലൂടെ ദൈവം എനിക്കും എന്റെ കുടുംബത്തിനും ഭക്ഷണവും നൽകി.

1975ൽ ഞങ്ങളുടെ മാസികയായ **വിളിയുടെ പ്രതിധ്വനി** അച്ചടിച്ച വകയിൽ ബാപ്പുജി പ്രസ്സിൽ 300 രൂപ കൊടുക്കണമായിരുന്നു. എന്റെ കൈയ്യിൽ പണമില്ലാതിരുന്നതിനാൽ കൊടുക്കാൻ താമസം വന്നു. അടുത്ത തിങ്കളാഴ്ച പണം തരാമെന്ന് പ്രസ്സിന്റെ മാനേജരോട് ഞാൻ വ്യാഴാഴ്ച പറഞ്ഞു. പക്ഷെ പണം ലഭിക്കാനുള്ള ഒരു മാർഗ്ഗവും ഇല്ലായിരുന്നു. പണം നൽകാൻ ഞാൻ പരാജയപ്പെട്ടാൽ, ആ മാസത്തെ **വിളിയുടെ പ്രതിധ്വനി** മാസിക പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയില്ല. അങ്ങനെയായാൽ സർക്കാരിൽനിന്നും വളരെയധികം പ്രതിസന്ധികൾ ഉണ്ടാകുമെന്ന് ഓർത്ത് ഞാൻ വളരെയധികം ഭാരപ്പെട്ടു. ഞാൻ ദൈവത്തോടു പ്രാർത്ഥിച്ച് സമാധാനത്തിൽ കഴിഞ്ഞു. അടുത്ത ഞായറാഴ്ച വരെയും എനിക്ക് പണം ലഭിച്ചില്ല.

തിങ്കളാഴ്ച രാവിലെ എന്റെ പോസ്റ്റ് ബോക്സ് നോക്കിയപ്പോൾ ദക്ഷിണേന്ത്യയിൽ മധുരയ്ക്കും തൂത്തുക്കുടിക്കുമിടയിലുള്ള നാഗലാപുരം എന്ന ഗ്രാമത്തിൽ നിന്നും ഉള്ള ഒരു കവർ ശ്രദ്ധയിൽ പെട്ടു. അതിൽ 300 രൂപയുടെ ക്രോസ്സ് ചെയ്യാത്ത ഡിമാന്റ് ഡ്രാഫ്റ്റ് ഉണ്ടായിരുന്നു. അന്നത്തെ എന്റെ ആവശ്യത്തിന് ആ പണം മതിയായിരുന്നു. ഞാൻ വാഗ്ദാനം ചെയ്ത പ്രകാരം പ്രസ്സിൽ പണം നൽകുവാൻ ദൈവം എന്നെ പ്രാപ്തനാക്കി. ദൈവത്തിനു മഹത്വം.



വർഷങ്ങൾക്കുശേഷം ആ വ്യക്തിയെ കാണാൻ ഞാൻ നാഗലപുരത്തു പോയി. അയാൾ ഒരു പാവം ചെരുപ്പുകുത്തിയാണെന്നു കണ്ട് ഞാൻ അതിശയിച്ചു പോയി.

എന്നെ കണ്ടപ്പോൾ അയാൾ വളരെയധികം സന്തോഷിച്ചു. "സർ, ആരോ എന്റെ ഉള്ളിൽ ഇരുന്ന് ആ പ്രത്യേക വ്യാഴാഴ്ച വിളിയുടെ പ്രതിധ്വനി ശുശ്രൂഷയ്ക്ക് 300 രൂപ അയയ്ക്കാനായി എന്നെ പ്രേരിപ്പിച്ചു. എന്റെ കൈയ്യിൽ ആകെ ഉണ്ടായിരുന്നതും 300 രൂപയായിരുന്നു. അത് ഞാൻ വെള്ളിയാഴ്ച താങ്കൾക്ക് അയച്ചു. അത് തിങ്കളാഴ്ച നിങ്ങൾക്ക് ലഭിച്ചു".

അങ്ങനെ കർത്താവ് എന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിച്ചു. ഇപ്പോഴും ഞങ്ങൾക്ക് സ്ഥിരമായ സാമ്പത്തിക പിന്തുണ ഇല്ല എങ്കിലും അജ്ഞാതരായ വ്യക്തികളിലൂടെ ദൈവം ഈ ശുശ്രൂഷയെ സഹായിച്ചുകൊണ്ടിരിക്കുന്നു.

അതെ, ഇത് തീർച്ചയായും ദുഷ്കരമായ പാതയാണ്. എങ്കിലും ദിനംതോറും ദൈവത്തിന്റെ മഹത്വം ദർശിക്കുവാൻ എനിക്കു സാധിക്കുന്നു. കർത്താവ് എന്റെ ഇടയനാണ്. എനിക്ക് ഒന്നിനും കുറവില്ല.

**യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല** (സങ്കീർത്തനങ്ങൾ 23:1).

**ജ്ഞാനമുള്ളവർ ഇവയെ ശ്രദ്ധിക്കും; അവർ യഹോവയുടെ കൃപകളെ ചിന്തിക്കും** (സങ്കീർത്തനങ്ങൾ 107:43).

■■■■■

... 7-ാം പേജിന്റെ തുടർച്ച

ത്തിലൂടെ ദൈവത്തിന്റെ ശക്തി വെളിപ്പെടുത്തുവാൻ അവനു കഴിഞ്ഞു. അവന്റെ സമർപ്പണത്തോടെയുള്ള ജീവിതത്തിലൂടെ ദൈവത്തിന്റെ മഹത്വം വെളിപ്പെട്ടു. ആളുകൾ കൂട്ടത്തോടെ അനുതപിച്ചു. ഏകദേശം 30 ലക്ഷത്തോളം പേർ അനുതപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അവരിൽ 7 ലക്ഷം ആളുകൾ ദൈവകൃപയാൽ ശുശ്രൂഷയിലായിരിക്കുന്നു. ഇവർ ശരിയായ രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ എത്ര പേർ മാനസാന്തരപ്പെട്ട് ദൈവമക്കളാകുമെന്ന് നമുക്ക് ഊഹിക്കാം. ഇത് നേടുവാനായി ഗർഭപാത്രത്തിന്റെ അനുഗ്രഹം നമുക്ക് ആവശ്യമാണ്. ഒരു അമ്മ വേദനയോടെ തന്റെ കുഞ്ഞിനെ പ്രസവിക്കുന്നതുപോലെ. അവന്റെ വേല ചെയ്യുവാനുള്ള വിളിയിൽ ആത്മാർത്ഥതയും അർപ്പണബോധവും ഉള്ളവരാണെങ്കിൽ മാത്രമേ നമുക്ക് ജനങ്ങളെ മാനസാന്തരത്തിലേക്ക് നയിക്കാൻ സാധിക്കുകയുള്ളൂ.

കൊയ്ത്തുകാരുടെ അടുക്കൽ ഉണ്ടായിരുന്ന പിതാവിന്റെ അടുക്കൽ പോകുന്ന മകനെക്കുറിച്ച് 2 രാജാക്കന്മാർ 4:18 ൽ പ്രതിപാദിക്കുന്നു. അതുപോലെ, സഭയോ, ദൈവദാസന്മാരോ, സഭയിലെ അംഗങ്ങളുടെ എണ്ണമോ വർദ്ധിക്കുമ്പോൾ അവരും മറ്റുള്ളവരെ സേവിക്കണം. **അവൻ അപ്പനോടു എന്റെ തല, എന്റെ തല എന്നു പറഞ്ഞു. അവൻ ഒരു ബാല്യക്കാരനോടു: ഇവനെ എടുത്തു അമ്മയുടെ അടുക്കൽ കൊണ്ടുപോക എന്നു പറഞ്ഞു** (2 രാജാക്കന്മാർ 4:19). ഒരു കുഞ്ഞിനു അസുഖം വരുന്നതുപോലെ ദൈവദാസന്മാർക്കും വിശ്വാസികൾക്കും അവരുടെ പ്രാർത്ഥനാജീവിതത്തിലോ ശുശ്രൂഷയിലോ ആലയത്തിൽ വരുമ്പോഴോ പ്രശ്നങ്ങൾ നേരിടാം. ഇത്തരം പ്രശ്നങ്ങൾ നാം അവഗണിക്കരുത്. ഇതു നമക്ക് അവഗണിക്കാൻ സാധിക്കാത്ത രോഗമാണ്. അവഗണിച്ചാൽ ആത്മീയ മരണം സംഭവിക്കാം. ഈ കാര്യത്തിൽ അങ്ങനെയാണ് സംഭവിച്ചത്. അമ്മയുടെ മടിയിൽ കിടന്ന് ആ പൈതൽ മരിച്ചു. നമ്മുടെ ശുശ്രൂഷയിലോ ആത്മീയ പ്രയത്നങ്ങളിലോ നാം ആത്മീയ മരണത്തെ അഭിമുഖീകരിക്കുകയാണെങ്കിൽ നാം ആലയത്തിൽ പോയി ദൈവസന്നിധിയിൽ കടന്നു വരിക. അമ്മയ്ക്കു മാത്രമേ കുഞ്ഞിനെ രക്ഷിക്കാൻ കഴിയുകയുള്ളൂ. നാം ആലയത്തിൽ പോകുമ്പോൾ നമ്മുടെ മാതാവായ കർത്താവ് നിശ്ചയമായും നമ്മെ രക്ഷിക്കും. മരിച്ചവർക്ക് ദൈവത്തിനു വേണ്ടി ഒന്നും ചെയ്യാൻ കഴിയുകയില്ല, അവനുവേണ്ടി പ്രകാശിക്കാനും കഴിയുകയില്ല.

വെള്ളത്തിലൂടെ നടന്നുപോകാൻ ആയിരം മുഴം അളന്നതായി നാം യെഹെസ്കേൽ 47:3-5 വരെ വായിക്കുന്നു. ആ സമയം കണങ്കാൽ വരെ വെള്ളം കയറിയതായി നാം വായിക്കുന്നു. പിന്നെ ആയിരം മുഴം കൂടി അളന്നപ്പോൾ വെള്ളം മുട്ടോളമായി. ആയിരം മുഴം കൂടി അളന്നപ്പോൾ വെള്ളം അരയോളമായി. വീണ്ടും ആയിരം മുഴം കൂടി അളന്നപ്പോൾ വെള്ളം നദി പോലെയായി, പ്രവാചകനു കടക്കാൻ കഴിഞ്ഞില്ല. എന്തുകൊണ്ടാണ് ദൈവം കുറെശ്ശെ കുറെശ്ശെ അളന്നത്? ദൈവം നമുക്കു നൽകിയതിനെ നാം ശരിയായി കടക്കുകയാണെങ്കിൽ അടുത്ത അനുഗ്രഹം അളക്കുകയും ലഭിക്കുകയും ചെയ്യും. നമുക്ക് ലഭിച്ച അനുഗ്രഹം ശരിയായി വിനിയോഗിക്കുകയാണെങ്കിൽ അടുത്ത അനുഗ്രഹം നമ്മെ തേടിയെത്തും. നാം നമ്മുടെ സഭകളെ ശരിയായി പരിപാലിക്കുകയോ ദൈവം നമുക്കു നൽകിയ ശുശ്രൂഷകൾ ശരിയായി നിർവ്വഹിക്കുകയോ ചെയ്യുമ്പോൾ മാത്രമേ നമുക്ക് ദൈവാനുഗ്രഹം സമൃദ്ധിയായി ലഭിക്കുകയുള്ളൂ, കൂടാതെ അതിൽ വലിയ വളർച്ചയും കാണാൻ സാധിക്കും.

സംഖ്യാപുസ്തകം 16:36-38 വരെ നാം ഇങ്ങനെ വായിക്കുന്നു: **യഹോവ മോശെയോടു അരുളിച്ചെയ്തതു: പുരോഹിതനായ അഹരോന്റെ മകൻ എലെയാസരിനോടു അവൻ എരിതീയുടെ ഇടയിൽനിന്നു ധൂപകലശങ്ങൾ എടുപ്പാൻ പറക; അവ വിശുദ്ധമാകുന്നു; തീ അങ്ങോട്ടു തട്ടിക്കളകയും ചെയ്ക; പാപം ചെയ്തു തങ്ങൾക്കു ജീവനാശം വരുത്തിയ ഇവരുടെ ധൂപകലശങ്ങൾ യാഗപീഠം പൊതിവാൻ അടിച്ചു തകിടാക്കണം; അതു യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നതിനാൽ വിശുദ്ധമാകുന്നു; യിസ്രായേൽമക്കൾക്കു അതു ഒരു അടയാളമായിരിക്കട്ടെ.**

പെട്ടിയും നിലവിളക്കും ബലിപീഠവും സമാഗമനകൂടാരത്തിൽ അതേ സ്ഥലത്തു തന്നെ നിൽക്കും. എന്നാൽ ധൂപകലശം പുരോഹിതൻ കൈകളിൽ പിടിക്കുകയും പോകുന്നേടത്തൊക്കെയും കൊണ്ടുപോകുകയും ചെയ്യും. ഇപ്പോൾ ധൂപകലശം ആവശ്യമില്ലാത്ത ഏതോ സ്ഥലത്തു കുടുങ്ങിപ്പോയി. വിശുദ്ധ സ്ഥലത്ത് ഇരിക്കേണ്ട ധൂപകലശം ഇപ്പോൾ പുറത്തെ പ്രാകാരത്തിൽ ഇരിക്കുന്നു. ധൂപകലശം ചുറ്റിക കൊണ്ട് അടിച്ചുപരത്തി ബലിപീഠത്തെ മറയ്ക്കണം എന്ന് ദൈവം കല്പിച്ചിരുന്നു. നമ്മുടെ ആത്മീക വളർച്ച സ്വർഗ്ഗത്തിൽ എത്തണം അല്ലാതെ വഴിയിൽ തീരാനുള്ളതല്ല എന്നു മനസ്സിലാക്കണം. നമുക്കു ലഭിച്ച ചില പ്രത്യേക ആത്മീയ അനുഗ്രഹങ്ങളിൽ നാം തൃപ്തരാകരുത്. നാം ആത്മീയമായി വളർന്നുകൊണ്ടിരിക്കുകയും ദൈവത്തെ സേവിക്കുകയും ചെയ്തുകൊണ്ട് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കണം.

മരിച്ച കുട്ടിയെ ഉയിർപ്പിക്കുന്നതിനായി ഒരു കഴുതയും ഒരു ബാല്യക്കാരനും അമ്മയും ദൈവത്തിന്റെ ദാസനും അവന്റെ സഹായിയും പരമാവധി ശ്രമിച്ചതായി 2 രാജാക്കന്മാർ 4:21-35 വരെ വായിക്കുമ്പോൾ നാം മനസ്സിലാക്കുന്നു. ഈ അഞ്ചു പേരെ സുവിശേഷകർ, അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, പാസ്റ്റർമാർ, അദ്ധ്യാപകർ എന്നിവരുമായി താരതമ്യം ചെയ്യാം. ഇവരാണ് ഗർഭപാത്രത്തിന്റെ അനുഗ്രഹം നൽകുന്ന പ്രധാന വ്യക്തികൾ. ദൈവദാസനായ എലീശയുടെ അടുക്കൽ പോകുവാൻ മൂന്നു പേരെ ഉപയോഗിക്കുന്നു. നാലാമത്തെ വ്യക്തി എലീശയുടെ സഹായിയായിരുന്ന ഗേഹസിയാണ്. അവൻ എലീശയുടെ വടി ഉപയോഗിച്ച് കുട്ടിയെ പുനർജീവിപ്പിക്കാൻ ശ്രമിച്ചു. അവനെ ജീവിപ്പിക്കാൻ അവർ പരാജയപ്പെട്ടപ്പോൾ ബാലനെ എലീശയുടെ അടുക്കൽ കൊണ്ടുപോയി.

**എലീശ വീട്ടിൽ വന്നപ്പോൾ തന്റെ കട്ടിലിന്മേൽ ബാലൻ മരിച്ചുകിടക്കുന്നതുകണ്ടു. താനും ബാലനും മാത്രം അകത്തു ഉണ്ടായിരിക്കെ അവൻ വാതിൽ അടെച്ചു യഹോവയോടു പ്രാർത്ഥിച്ചു. പിന്നെ അവൻ കയറി ബാലന്റെ മേൽ കിടന്നു; തന്റെ വായ് ബാലന്റെ വായ്മേലും തന്റെ കണ്ണു അവന്റെ കണ്ണിന്മേലും തന്റെ ഉള്ളംകൈകൾ അവന്റെ ഉള്ളംകൈകളിന്മേലും വെച്ചു അവന്റെമേൽ കവിണ്ണുകിടന്നപ്പോൾ ബാലന്റെ ദേഹത്തിന്നു ചൂടുപിടിച്ചു. അവൻ ഇറങ്ങി മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും ഒന്നു നടന്നിട്ടു പിന്നെയും കയറി അവന്റെ മേൽ കവിണ്ണുകിടന്നു; അപ്പോൾ ബാലൻ ഏഴു പ്രാവശ്യം തുമ്മി കണ്ണു തുറന്നു** (2 രാജാക്കന്മാർ 4:32-35).

കുട്ടിയെ രക്ഷിക്കാൻ എലീശ പല രീതികൾ പരീക്ഷിച്ചു. അങ്ങോട്ടും ഇങ്ങോട്ടും നടന്നു, അവസാനം കുട്ടിയെ ജീവിപ്പിച്ചു. എലീശയുടെ ഈ പ്രവൃത്തി ഒരു അമ്മ തന്റെ കുഞ്ഞിനെ വേദനയോടെ പ്രസവിക്കുന്നതുപോലെയാണ്.

ദൈവദാസന്മാരും വേദനയോടെ പ്രസവിക്കുന്ന അമ്മയെപ്പോലെ വേദന സഹിക്കേണ്ടിവരും. ജനങ്ങളുടെ ആത്മീയ ജീവിതം തകരാതിരിക്കാൻ ഇവർ പോരാടണം.

കുട്ടി ഏഴു പ്രാവശ്യം തുമ്മിയപ്പോൾ ശ്വാസനാളത്തിലുണ്ടായിരുന്ന പൊടി പുറത്തുപോയി. ജനങ്ങൾക്കുവേണ്ടി ചെയ്യുന്ന കഠിനാദ്ധ്വാനത്തെ ദൈവദാസന്മാർ കാര്യമാക്കാതെ ഗർഭപാത്രത്തിന്റെ അനുഗ്രഹങ്ങൾ ജനങ്ങൾക്കു കൈമാറണം.

***********

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

**വിളിയുടെ പ്രതിധ്വനി**
**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th NOVEMBER, 2022.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**